**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1728** **08-02-2023 - ൽ മറുപടിയ്ക്ക്**

**മിനിറ്റ്സുകൾ, സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവ്വകലാശാലകളിലെ ഉന്നതാധികാര സമിതികളായ സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ എന്നിവയുടെ യോഗങ്ങളുടെ മിനിറ്റ്സുകൾ ബന്ധപ്പെട്ട വെബ്സൈറ്റിൽ ലഭ്യമാണോയെന്ന് അറിയിക്കാമോ; | (എ) | കണ്ണൂർ, ന്യുവാൽസ്, CUSAT, എം.ജി, കേരള, മലയാള സർവ്വകലാശാലകളിലെ ഉന്നതാധികാര സമിതികളായ സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ എന്നിവയുടെ യോഗങ്ങളുടെ മിനിറ്റ്സ് ബന്ധപ്പെട്ട വെബ്സൈറ്റിൽ ലഭ്യമാണ്. APJ Abdul Kalm Technological university-യുടെ ഉന്നതാധികാര സമിതികളായ ബോർഡ് ഓഫ് ഗവർണേഴ്സ്, സിൻഡിക്കേറ്റ് എന്നിവയുടെ യോഗങ്ങളുടെ മിനിറ്റ്സ് സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. കാലിക്കറ്റ് സർവ്വകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല എന്നിവയുടെ യോഗങ്ങളുടെ മിനിറ്റ്സുകൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമല്ല. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ഉന്നതാധികാര സമിതിയായ സിൻഡിക്കേറ്റിന്റെ യോഗങ്ങളുടെ മിനുട്സ് വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തിട്ടില്ല. എന്നാൽ, അക്കാദമിക് കൗൺസിലിന്റെ ഇതു വരെ കഴിഞ്ഞ 55 യോഗങ്ങളിൽ 51 ന്റേയും മിനുട്സ് അപ്ലോഡ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഏതെല്ലാം സർവ്വകലാശാലകൾ തങ്ങളുടെ വെബ്സൈറ്റിൽ സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ യോഗങ്ങളുടെ മിനിറ്റ്സുകൾ അപ്-ലോഡ് ചെയ്യാറുണ്ടെന്നും ഏതെല്ലാം സർവ്വകലാശാലകൾ വെബ്സൈറ്റിൽ അപ്-ലോഡ് ചെയ്യുന്നില്ലെന്നും വ്യക്തമാക്കുമോ; | (ബി) | ‘എ’ യിൽ ചേർത്തിരിക്കുന്നു. |
| (സി) | സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ യോഗങ്ങളുടെ മിനിറ്റ്സുകൾ, സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കുന്നത് തടയുന്ന വിധത്തിൽ സർവ്വകലാശാല ചട്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വ്യവസ്ഥകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | സർവ്വകലാശാലാചട്ടങ്ങളിൽ ഇത് സംബന്ധിച്ച വ്യവസ്ഥകൾ നിലവിലില്ല. |

| | | | |
|---|---|---|---|
| (ഡി) | വിവരസാങ്കേതികവിദ്യയുടെ പ്രായോഗികവൽക്കരണത്തിന് നേരെ സർവ്വകലാശാലകൾ പുറംതിരിഞ്ഞ് നിൽക്കുന്നത് അഭിലഷണീയമാണെന്ന് വിലയിരുത്തുന്നുണ്ടോ; | (ഡി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഇല്ലെങ്കിൽ യോഗങ്ങളുടെ മിനിറ്റ്സുകൾ, സർവ്വകലാശാല വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനും സ്ഥിരമായി നിലനിർത്തുന്നതിനും സർവ്വകലാശാല ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്നും ആയതിന് സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോയെന്നും വ്യക്തമാക്കുമോ? | (ഇ) | 'ഡി' യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ